# നീ അനുഗ്രഹീതൻ

ദേവാലയ പരിസരങ്ങളിൽ വീണ്ടും വചനാമൃത പുണ്യകാലം പിറന്നു. ദൈവവചന ശ്രവണ സുവർണ്ണാവരം ഒരിക്കൽകൂടി. ദൈവവചന സ്പന്ദനം വേദിയിൽ നിന്നും കാതു കാത്തിരിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങളുടെ ഹൃദയങ്ങളിലേക്ക് വിദ്യുത്ച്ഛക്തി പ്രവാഹം പോലെ ശക്തിയായി പ്രസരിക്കുന്ന വിശുദ്ധ വാരങ്ങൾ. മരിച്ച് മരവിച്ച ജീവിതങ്ങൾ ഇവിടെ വചന കേൾവിയിൽ ഉണർന്ന് എഴുന്നേൽക്കുന്നു. ജീവിക്കുവാൻ ആഗ്രഹംകെട്ടുപോയ ചിലരിൽ ജീവിക്കുവാൻ ആഗ്രഹവും ജീവിതത്തോട് ആദരവും ജനിക്കുന്നു. തൊടുന്നതെല്ലാം കയ്പ്പായി മാറുന്ന, മുഖശ്രീ നഷ്ടപ്പെട്ട മുഖങ്ങളിൽ, മധുരം കിനിയും വചനം മന്ദസ്മിതം വിരിയിക്കുന്ന കാലഘട്ടം.

## വചനത്തിന്റെ പൊരുൾ

വചനത്തിന്റെ പൊരുൾ എന്താണ്? അനേകരെ കുഴയ്ക്കുന്ന ചോദ്യമാണ്. കപ്പദോക്യൻ പിതാവായ നിസ്സായിലെ ഗ്രിഗറി പറയുന്നത് ശ്രദ്ധിക്കുക ''മനുഷ്യാ നീ സൃഷ്ടിയുടെ കിരീടമാണ്, സൃഷ്ടിതമായവയുടെ അധിനാഥനാണ് നീ, ദൈവത്തിന്റെ പ്രതിച്ഛായയാണ് നീ. നീ ചെയ്യേണ്ടത് എന്തെന്നോ, ക്രിസ്തുവിൽ സ്വയം സാക്ഷാത്കരിക്കുക. അമരത്വം പ്രാപിക്കുക. നീ ശപിക്കപ്പെട്ടവനല്ല, നീ അനുഗ്രഹീതനാകുന്നു. എന്തെന്നാൽ അമരനായിരിക്കുന്നു'' വചനത്തിന്റെ പൊരുൾ എന്നാൽ ദൈവ-മനുഷ്യ സംസർഗ്ഗത്തിന്റെ പൊരുൾ ആകുന്നു. ദൈവവചനം അമരത്വത്തിലേക്കുള്ള പ്രയാണത്തിൽ അജ്ഞതയകറ്റി ജ്ഞാനവും, അന്ധകാരത്തെ വിദൂരീകരിച്ച് പ്രകാശവും നൽകി മനുഷ്യനെ ശക്തീകരിക്കുന്ന അനുഭവമാണത്.

ശ്രേഷ്ഠമായ വലിയനോമ്പിൽ വചനശ്രവണ സുഖത്തിനായി അസുലഭ വിശുദ്ധ പുണ്യകാലം കനിഞ്ഞു നൽകിയ ദൈവകൃപ വാക്കാലുള്ള സ്തുതികൾക്ക് വിധേയപ്പെടാത്തതാകുന്നു. പൗരസ്ത്യ സഭാപാരമ്പര്യത്തിൽ നൈഷ്ടികമായ വി.നോമ്പാചരണം അച്ചടക്കമുള്ള വിശ്വാസജീവിതം രൂപപ്പെടുത്തുന്നതിൽ നിസ്തുലമായ സ്ഥാനം വഹിക്കുന്നു. വചനപാരായണവും, ശ്രവണവും, മനനവും, ധ്യാനവും ഇല്ലാത്ത ഒരു നോമ്പ് കാലം മഴയില്ലാത്ത വേനൽകാലംപോലെ വരണ്ടതാണ്.

## അനുതാപത്തിലേക്കുള്ള വഴി

വചനം അനുതാപത്തിലേക്കും അതുവഴി പശ്ചാത്താപത്തിലേക്കും, പശ്ചാത്താപം വിശുദ്ധീകരണത്തിലേക്കും നയിക്കുന്നു. ചുരുക്കത്തിൽ, എല്ലാ നൈഷ്ടിക ആത്മീയ വ്യാപാരങ്ങളും വിശ്വാസികളെ വിശുദ്ധീകരണത്തിലേക്കും അതുവഴി ആത്യന്തിക ദൈവീകരണത്തിലേക്കും നയിക്കുന്നുണ്ടോ എന്നത് പരിഗണിച്ചാകണം ആത്മീയ ക്രിയകൾക്ക് മൂല്യം കുറിയ്ക്കുവാൻ. ഇത്തരം ആയിത്തീരലിനെ സഭാപിതാക്കന്മാർ deification, theosis, glorification എന്നൊക്കെയാണ് വിശേഷിപ്പിക്കുന്നത്. നമ്മുടെ പൂർവ്വീകർ പാടി നമുക്ക് കൈമാറി നൽകിയ "യേശുവെപ്പോലെ ആകുവാൻ, യേശുവിൻ വാക്കു കേൾക്കുവാൻ...'' ''യേശുവിനെപ്പോലെയാകണം, എനിക്ക് യേശുവിനെപ്പോലെയാകണം" എന്നീ ഗാനങ്ങളിൽ ദൈവീകനാകുകയാണ് ആത്മീയ ജീവിത ലക്ഷ്യം എന്ന് ലളിതമായി പറയുന്നുണ്ട്. യവനതത്വചിന്തകനായ പ്ലേറ്റോ ഈ ആയിത്തീരലിന് മൂന്ന് ഘട്ടങ്ങളും നിർദ്ദേശിക്കുന്നു;- ശുദ്ധീകരണം, പ്രകാശിപ്പിക്കൽ, സംയോജിപ്പിക്കൽ എന്നിവ.

"ഗുരു! എപ്പോഴാണ് അനുതപിക്കേണ്ടത്?" ഒരിയ്ക്കൽ, യഹൂദമത ഗുരുവായ ഏലിയാസറിനോട് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ചോദിച്ചു. അല്പസമയത്തെ മൗനത്തിനുശേഷം അദ്ദേഹം പ്രതിവചിച്ചു "നമ്മൾ മരിയ്ക്കുന്നതിനു മുൻപ്, തലേദിവസം അനുതപിക്കണം" ശിഷ്യന്മാർ സംശയം പ്രകടിപ്പിച്ചു; "നമ്മൾ എപ്പോഴാണ് മരിക്കുക", "അതറിയുകയില്ല, അതുകൊണ്ടുതന്നെ നാം എപ്പോഴും പശ്ചാത്താപം ഉള്ളവരായിരിക്കണം." ഗുരു പറഞ്ഞു. പാപത്തെ സംബന്ധിച്ച ബോധ്യത്തിലേക്ക് ബോധത്തെ ഉണർത്തുന്നതാകണം വചനം. പരിശുദ്ധാത്മ വ്യാപാരത്താലാണ് പാപബോധത്തിലേക്ക് മനുഷ്യമനസ് ഉണരുക. പരിശുദ്ധാത്മാവിന്റെ പ്രധാനദൗത്യം തന്നെ പാപത്തെ സംബന്ധിച്ച അറിവ് നൽകുക എന്നതാണ്. യോഹന്നാൻ മാംദാനയുടെയും യേശുക്രിസ്തുവിന്റെയും, പ.പൗലോസ് ശ്ലീഹാ ഉൾപ്പെടെയുള്ള അപ്പോസ്തോലന്മാരുടെയും പ്രധാന പ്രഘോഷണ വിഷയം മാനസാന്തരം ആയിരുന്നു.

ഒപ്പം മാനസാന്തരപ്പെടുന്ന പാപിയെ തേടുന്ന ദൈവസ്നേഹവും. കൺവൻഷൻ ഉൾപ്പെടെയുള്ള ആത്മീയ അനുഷ്ഠാനങ്ങൾ വിലയിരുത്തപ്പെടേണ്ടത് അതിന്റെ അടിസ്ഥാനത്തിലാണ്.

പാപം പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ മനുഷ്യാവകാശമായി പരിഗണിക്കപ്പെടുകയും തെറ്റുകാർ ശിക്ഷിക്കപ്പെടാതെ മാന്യരായി ജീവിക്കുകയും ചെയ്യുന്ന സാമൂഹിക ക്രമം പാപത്തിൽ അഭിരമിയ്ക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരവസ്ഥ നിലനിൽക്കുന്നു. തെറ്റുകൾ ചെയ്താണെങ്കിലും അതിൽ ഒരു നന്മ ആരോപിച്ച് തെറ്റിനെ മാന്യമാക്കുന്നു. പാപത്തിന്റെയും, രക്തത്തിന്റെയും, അഴിമതിയുടെയും ഫലത്തിന്റെ ഒരംശം സഭകൾക്ക് നൽകിയാൽ സഭയിലും മുതിർന്ന സ്ഥാനം ലഭ്യമാകുന്നു. മാന്യത പരിപാലിക്കപ്പെടുന്നു. യൂദാ വലിച്ചെറിഞ്ഞ ധനം അഴിമതിയിൽ കുളിച്ചു നിന്നിരുന്ന യെരുശലേം ദേവാലയ നേതാക്കന്മാർപോലും ഉപയോഗിച്ചില്ല എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ദൈവവചനം കാലിക സമൂഹത്തെ തിരുത്തുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. വചനമെന്ന വാളിന്റെ ഇരുവായ്തല ശ്രദ്ധേയം തന്നെ.

## വിശ്വാസി-മോക്ഷ യാത്രയിൽ

സഭാപിതാക്കന്മാർക്ക് വളരെ പ്രിയങ്കരമായ ഒരു വിഷയമാണ് വിശ്വാസജീവിതത്തെ ഒരു യാത്രയായി പരിഗണിച്ച് ധ്യാനിക്കുക എന്നത്. സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ഭാവനയിലും ക്രിസ്തീയ വിശ്വാസിയെ സീയോൻ സഞ്ചാരിയായും, യാത്രയെ മോക്ഷയാത്രയായും ചിത്രീകരിച്ചിരിക്കുന്നു. എല്ലാ യാത്രയുടെയും പ്രത്യേകത പുരോഗമനാത്മകം ആണെന്നതാണ്. ആത്മീയ ജീവിതത്തിൽ യാത്ര ക്രമേണ പുരോഗമിക്കുകാണ്. പെട്ടെന്നുള്ള മാനസ്സാന്തരവും വളർച്ചയും സാദ്ധ്യമെങ്കിലും പടിപടിയായ വളർച്ചയാണ് Sustainable Spirituality-ടെ ലക്ഷണമായി കാണുന്നത്. വിത്ത് പാകി, ജലം നൽകി പരിചരിച്ച്, മുളപ്പിച്ച് വളർത്തി ഫലം കായിക്കുന്ന രീതി. ഇസ്രായേൽ മക്കളുടെ മരുഭൂമിയിലൂടെ പലസ്തീൻ നാട്ടിലേക്കുള്ള പ്രയാണം ആത്മീയ തീർത്ഥ യാത്രയിലെ ഉദാത്ത മാതൃകയിലൊന്നാണ്. ഏതാനും മാസങ്ങൾക്കൊണ്ട് ലക്ഷ്യ പ്രാപ്തി കാണേണ്ട യാത്ര ഏകദേശം നാല് ദശാബ്ദങ്ങൾ മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടതായിവന്നു. ചില അലച്ചിലുകൾ ആത്മീയ യാത്രയിലെ അനിവാര്യതകളാണ്. പ്രയാണത്തിലെ eye tonic ആയുള്ള സുന്ദരകാഴ്ചകൾ, സുഖാനുഭവങ്ങൾ, പ്രതിസന്ധികൾ, ജീവൻ-മരണ പോരാട്ടങ്ങൾ ഇവയെല്ലാം അഭിമുഖീകരിച്ച് പുരോഗമിക്കുന്ന യാത്ര....

## പ്രയാണകാലത്തെ വിശ്രമം

നോമ്പുകാലം ഇത്തരം ഒരു പ്രയാണകാലമാണ്. ദൈവത്തിന്റെ തൃപ്പാദത്തിങ്കലിരുന്ന് വചനം കേൾക്കുന്നത് മരുഭൂ യാത്രയിൽ ഇടയ്ക്കിടെ കണ്ടെത്തപ്പെടുന്ന മരുപ്പച്ചപോലെ സുഖകരം, ആശ്വാസകരം....മരുപ്പച്ചയുടെ സുഖശീതളഛായയിൽ സ്ഥിരപ്രതിഷ്ഠരാകുന്നതിനല്ല. ഊർജ്ജ സംരക്ഷണത്തോടെയും വർദ്ധിതമായ ആവേശത്തോടെയും യാത്ര പുരോഗമിക്കുന്നതിനാണ്.

നോമ്പിനും വചനപ്രഘോഷണങ്ങൾക്കും ഇത്തരം ചില അർത്ഥതലങ്ങളാണ് ഉള്ളത്. അല്ല, അത്തരം അർത്ഥങ്ങളേ ശരിയായിട്ടുള്ളൂ. മറ്റുള്ളവയെല്ലാം ആത്മീകതയിലെ അപഥ സഞ്ചാരങ്ങളാണ്. ആത്മീയതയുടെ യഥാർത്ഥ ലക്ഷ്യവും അർത്ഥവും നഷ്ടപ്പെടുകയും അയഥാർത്ഥവും നിഴലുമായതിനെ പിടിക്കുവാൻ ശ്രമിക്കുന്ന ആധുനിക പ്രവണതകളെ ഓർത്ത് കരയുവാനും സ്വയം ശുദ്ധിവരുത്തി ലക്ഷ്യത്തിലേക്ക് പ്രയാണം തുടരുവാനും അനേകം പേരെ ശുശ്രൂഷിക്കുവാനും പ്രസംഗ പീഠത്തിലെ വ്യത്യസ്തങ്ങളാകുന്ന സാന്നിദ്ധ്യം സഹായകരമായിത്തീരുകയും ചെയ്യുന്നു.